ഉത്തരം

(എ&ബി) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് സ്റ്റേഡിയത്തിൽ ഗ്യാലറിയും സിന്തറ്റിക് ഫ്ളോറിംഗും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 3 കോടി രൂപയുടെ പദ്ധതി നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിനാവശ്യമായ തുക 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. 2015-16 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായി ധനവകുപ്പിന് സമർപ്പിച്ച പ്രൊപ്പോസലിൽ ഈ വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്.

കോതമംഗലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി

306 (3940) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന - ദേശീയ സ്കൂൾ കായിക മേളകളിൽ മികച്ച പ്രകടനം നടത്തുന്ന കോതമംഗലത്തെ സ്കൂളുകളുടെ മികവ് പരിഗണിച്ച് വിദ്യാർത്ഥികൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്ന തരത്തിൽ കോതമംഗലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) കേരളത്തിന്റെ അഭിമാന കായികതാരങ്ങളെ വാർത്തെടുക്കുന്ന കോതമംഗലത്തെ സ്കൂളുകൾക്കും കായികാദ്ധ്യാപകർക്കും പ്രത്യേക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോതമംഗലം ഗവൺമെന്റ് പോളിടെക്നിക് വക സ്ഥലത്ത് ഒരു സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിക്ക് കായിക വകുപ്പ് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly